# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6053 07.07.2014-ൽ മറുപടിക്ക്.

## ഗ്രാമപഞ്ചായത്തുകളിലെ ഫ്രണ്ട് ഓഫീസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. ലൂഡി ലൂയിസ് | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 02.07.2009 ലെ സ.ഉ(കൈ) 123/2009/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഏക ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടുക്കി ജില്ലയിലെ ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഒഴികെ മറ്റെല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) പൊതുജനങ്ങൾക്ക് സമയബന്ധിത സേവനം ലഭ്യമാക്കുന്നതിനും, ഭരണ രംഗത്ത് സുതാര്യതയും കാര്യക്ഷമതയും ഫലപ്രാപ്തിയുമുള്ള അഴിമതി രഹിത സംവിധാനം ഉണ്ടാക്കുന്നതിനും, ജനവിശ്വാസം ആർജിക്കത്തക്കവിധം പങ്കാളിത്തവും നീതി നിഷ്ഠതയും സുസ്ഥിരതയും പ്രദാനം ചെയ്യുന്നതുമാണ് ഫ്രണ്ട് ഓഫീസ് സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ |
| (സി) ഏന്തെല്ലാം സേവനങ്ങളാണ് ഇത് വഴി പൊതുജനങ്ങൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) ഏകജാലകസംവിധാനത്തിലൂടെ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങളും, വിവരങ്ങളും പൗരാവകാശ രേഖയ്ക്കനുസൃതമായി ജനങ്ങൾക്ക് ലഭ്യമാകുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം വഴി പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന പ്രധാനപ്പെട്ട സേവനങ്ങൾ ജനന-മരണ |

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷനും, സർട്ടിഫിക്കറ്റുകളും വിവാഹ രജിസ്ട്രേഷനും സർട്ടിഫിക്കറ്റും, വിവിധതരം പെൻഷനുകൾ, തൊഴിൽ രഹിത വേതനം, കെട്ടിടനിർമ്മാണ പ്രവൃത്തികൾക്കുള്ള പെർമിറ്റ്, ഉടമസ്ഥതാവകാശ സർട്ടിഫിക്കറ്റ്, വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് എന്നിവയാണ്. |
| (ഡി) | ഈ സർക്കാരിന്റെ കാലത്ത് ഫ്രണ്ട് ഓഫീസുകളുടെ പ്രവർത്തന സമയം ദീർഘിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ഉണ്ട്. 16.10.2012-ലെ സ.ഉ.(സാധാ)നം.2876/12/തസ്വഭവ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ഉച്ച കഴിഞ്ഞ് 3 P.M ൽ നിന്നും 5 P.M വരെയാക്കി ദീർഘിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ